**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിൽ ഉന്നതതല ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഉന്നതതല ഓഡിറ്റ് വേണമെന്നുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഉന്നതതല ആഡിറ്റ് വേണമെന്ന് WP(C) 15353/2022, 18462/2022 എന്നീ റിട്ട് ഹർജികൾ പരിഗണിക്കുന്ന വേളയിൽ തുറന്ന കോടതിയിൽ പരാമർശം ഉണ്ടായെങ്കിലും ഇടക്കാല ഉത്തരവുകളിൽ അത്തരത്തിലുള്ള നിർദ്ദേശം ബഹു. ഹൈക്കോടതി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഒരു resident audit യൂണിറ്റ് കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ നിലവിലെ നഷ്ടം നികത്താതെ ലാഭകരമായി മുന്നോട്ട് പോകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് സാധിക്കില്ല എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ; | (ബി) | സി.എ.ജി. ആഡിറ്റ് പൂർത്തിയാക്കിയ 2015-16 സാമ്പത്തിക വർഷം വരെയുള്ള കോർപ്പറേഷന്റെ സഞ്ചിത നഷ്ടം 6048.25 കോടി രൂപയും, സി.എ.ജി. ആഡിറ്റ് അനുമതി ലഭ്യമാകാത്ത 2021-22 സാമ്പത്തിക വർഷം വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് ടി സഞ്ചിത നഷ്ടം 15,952.22 കോടി രൂപയുമാണ്. കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുന്നതിലേക്കായി പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശാനുസരണം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും, കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം വഴി 3100 കോടി രൂപ വായ്പ സമാഹരിച്ച് ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി വായ്പയുടെ തിരിച്ചടവ് ദൈനംദിന വരുമാനത്തിൽ നിന്നും മുടക്കം കൂടാതെ ഒടുക്കുന്നുമുണ്ട്. മാത്രമല്ല കോവിഡിനെ തുടർന്ന് ടി കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ ബാങ്കുകളിൽ നിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി സർക്കാർ വിവിധ |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങളിലായി 420 കോടി രൂപ വായ്പ തിരിച്ചടവിനായി ധനസഹായം അനുവദിച്ചിട്ടുമുണ്ട്. ഡീസൽ വിലയിലെ അനിയന്ത്രിത വർദ്ധനവ് നിമിത്തം വരുമാനത്തിന്റെ സിംഹഭാഗവും ഡീസൽ ചെലവിനായും, കൺസോർഷ്യം വായ്പ തിരിച്ചടവിനത്തിലും ചെലവഴിക്കുക യാണ്. പ്രസ്തുത സാഹചര്യത്തിൽ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവ് കോർപ്പറേഷന് അധിക ബാധ്യത തന്നെയാണെങ്കിലും നിലവിലെ സാമ്പത്തിക പ്രതിസന്ധി മറി കടക്കാൻ സാധിക്കും. കെ.എസ്.ആർ.ടി.സി.യുടെ മുൻകാല ബാധ്യത ഒഴിവാക്കിയാൽ ഈ സ്ഥാപന പ്രവർത്തന ചെലവു ചുരുക്കുന്ന ഒട്ടേറെ നടപടികളാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ജീവനക്കാരുടെ വേതനം പുതിയ നിയമനം മൂലം ഇനി വർദ്ധിക്കില്ല, എന്ന് മാത്രമല്ല കെ.എസ്.ആർ.ടി.സി.-സിഫ്റ്റിന്റെ സഹായത്താൽ ഓപ്പറേറ്റിംഗ് ചെലവ് കുറയ്ക്കാനും ഉൽപാദന ക്ഷമത കൂട്ടാനും സാധിക്കുന്നുണ്ട് എന്നും കഴിഞ്ഞ 2 മാസത്തെ കെ.എസ്.ആർ.ടി.സി.-സിഫ്റ്റിന്റെ പ്രവർത്തനം തെളിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് ശുപാർശ, തൊഴിലാളികളുമായി ആലോചിച്ച് നടപ്പാക്കുമ്പോൾ ഇന്നത്തെ ഈ പ്രതിസന്ധി ഉടൻതന്നെ മാറും എന്ന കണക്കുകൂട്ടലിലാണ് ഗവൺമെന്റ്. 3500 കോടി രൂപയുടെ നഷ്ടം ഒറ്റയടിക്ക് നികത്താനാകില്ല. ബാങ്കുകളുടെ കടം വീട്ടാനുള്ള സഹായം ഗവൺമെന്റ് ഇപ്പോൾ നൽകുന്നുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത നഷ്ടം നികത്താൻ കെ.എസ്.ആർ.ടി.സി. സർക്കാരിൽ നിന്നും സഹായം തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ നിന്നും ഡീസൽ, സ്പെയർ പാർട്സ്, കൺസോർഷ്യം വായ്പ തിരിച്ചടവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ കഴിച്ചശേഷം പ്രതിമാസം വരവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 100 കോടി രൂപയോളം വരും. ഈ അന്തരം നിമിത്തമാണ് ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രത്യേക തുക കണ്ടെത്താൻ കഴിയാത്തത്. വരവ് - ചെലവിലെ അന്തരത്തിന് ആനുപാതികമായി, ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നതിനായി, കോർപ്പറേഷൻ എല്ലാ മാസവും മുൻകൂറായി സർക്കാരിൽ നിന്നും 60 മുതൽ 70 കോടി രൂപ വരെ സാമ്പത്തിക സഹായം തേടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ